# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1815
## 16.02.2016 ലെ മറുപടിക്ക്

## പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം. | | ഉത്തരം. |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. ഉമ്മൻ ചാണ്ടി,<br>ബഹു. മുഖ്യമന്ത്രി |
| (എ) | പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കിയപ്പോൾ, പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി ജീവനക്കാർക്കും അധ്യാപകർക്കും കുറവ് ചെയ്ത ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് പറയാമോ; | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത ശമ്പള സ്കെയിലുകളുടെ മിനിമം പുനർ നിർണ്ണയിച്ചു. മാസ്റ്റർ സ്കെയിലിന്റെ മിനിമം ശിപാർശ ചെയ്ത 17000-ൽ നിന്ന് 16500 ആയി കുറവു ചെയ്തു. എന്നാൽ ഇൻക്രിമെന്റ് നിരക്കിലും പരിഷ്കരിച്ച മാസ്റ്റർ സ്കെയിലിന്റെ പരമാവധിയിലും വ്യത്യാസം വരുത്തിയിട്ടില്ല. പത്താം ശമ്പളകമ്മീഷൻ ശിപാർശ ചെയ്ത ശമ്പളസ്കെയിൽ വർദ്ധനവ് 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി ഒരു തലമാക്കി നിജപ്പെടുത്തി. ഇത്തരം കേസുകളിൽ ശമ്പള സ്കെയിൽ വർദ്ധനവും റേഷ്യോ വർദ്ധനവും ഒരുമിച്ച് ശിപാർശ ചെയ്തിരുന്നത് ശമ്പള സ്കെയിൽ വർദ്ധനവ് മാത്രമാക്കി പരിമിതപ്പെടുത്തി. എന്നാൽ ശമ്പളസ്കെയിൽ വർദ്ധന മൂലം ഫീഡർ തസ്തികയുടേയും പ്രൊമോഷൻ തസ്തികയുടേയും ശമ്പളസ്കെയിലുകൾ തുല്യമാകുന്ന കേസുകളിൽ ഇപ്രകാരം ശമ്പളസ്കെയിൽ വർദ്ധന അനുവദിച്ചിട്ടില്ല. കൂടാതെ 24040-38840 ഉം അതിനു മുകളിലുമുള്ള ശമ്പള സ്കെയിലുകളിൽ നോർമൽ റിവിഷന് മുകളിൽ വർദ്ധന അനുവദിച്ചിട്ടില്ല. പത്താം ശമ്പളകമ്മീഷൻ |

| | | |
|---|---|---|
| | | ശിപാർശ ചെയ്ത മെച്ചപ്പെട്ട റേഷ്യോ പ്രൊമോഷനുകൾ 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി 1:2 ആയും 24040-38840 ഉം അതിനുമുകളിലുമുള്ള ശമ്പള സ്കെയിലുകളിൽ പരമാവധി 1:3 ആയും നിജപ്പെടുത്തി. |
| (ബി) | പ്രസ്തുത പരിഷ്കരണത്തിനു മുമ്പ് ജീവനക്കാർക്കും അദ്ധ്യാപകർക്കും എത്ര ശതമാനം ഡി.എ ആണ് നൽകിയിരുന്നത്;<br>പരിഷ്കരണത്തോടെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച ഡി.എ. എത്ര ശതമാനം ; പുതിയ അടിസ്ഥാന ശമ്പളത്തോടൊപ്പം എത്ര ശതമാനം ഡി.എ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ; | പത്താം ശമ്പള പരിഷ്കരണത്തിന് മുമ്പ് ജീവനക്കാർക്കും അദ്ധ്യാപകർക്കും 01.07.2014 പ്രാബല്യത്തിൽ 80% ഡി.എ ആണ് അനുവദിച്ചിരുന്നത്. പരിഷ്കരണത്തോടെ മേൽപറഞ്ഞ 80% ഡി.എ-യും അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചു. പുതിയ അടിസ്ഥാന ശമ്പളത്തോടൊപ്പം 01.01.2015 മുതൽ 3% ഡി.എ-യും 01.07.2015 മുതൽ വീണ്ടും 3% വർദ്ധനയോടെ ആകെ 6% ഡി.എ-യും നല്കുന്നതാണ്. |
| (സി) | അടുത്ത ശമ്പള പരിഷ്കരണം ഏതു വർഷം നടപ്പിലാക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ എന്ന് നടപ്പാക്കും എന്ന് അറിയിക്കുമോ? | അടുത്ത ശമ്പള പരിഷ്കരണം സംബന്ധിച്ച് ഉചിതമായ സമയത്ത് തീരുമാന മെടുക്കുന്നതാണ് |

Manjushree

**അക്കൗണ്ട്സ് ഓഫീസർ**